(സി) കഴിഞ്ഞ പത്തുവർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്തുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ തസ്തികകൾ സൃഷ്ടിച്ച് നടപടിക്രമം പാലിച്ച് സെൽ പ്രവർത്തനം ആരംഭിക്കാൻ കാലതാമസം നേരിടുമെന്നതിനാൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിലെ എ.ആർ. ഒന്നു മുതൽ പത്തുവരെയുള്ള സെക്ഷനുകളെ നിയമന പരിശോധന നടത്താൻ ചുമതലപ്പെടുത്തിയതിനെത്തുടർന്ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇപ്പോൾ വയനാട്, ഇടുക്കി, കാസർകോട് ജില്ലകളിൽ റവന്യൂ വകുപ്പിൽ പരിശോധന നടത്തിവരുന്നു.

പി.എസ്.സി. ക്രമക്കേടുകൾ

61 (71) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ സൽപ്പേരിനും നിഷ്പക്ഷതയ്ക്കും കളങ്കംവരുത്തുന്ന വിധത്തിലുള്ള സംഭവങ്ങളും, വാർത്തകളും, അടിക്കടി ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി.എസ്.സി. നിയമന പരീക്ഷകളിലെ ക്രമക്കേടുകളും തട്ടിപ്പുകളും സംബന്ധിച്ച് നിരവധി കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ സെലക്ഷൻ പ്രോസസ്സിലെ പഴുതുകൾ ഇല്ലാതാക്കാൻ എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ ;

(സി) പി.എസ്.സി. അംഗങ്ങളായി നിയമിക്കപ്പെടുന്നവരുടെ നിഷ്പക്ഷതയും, കാര്യശേഷിയും അവരുടെ നിയമന സമയത്ത് പരിശോധിക്കാറുണ്ടോ : എങ്കിൽ ഏതുതരം പരിശോധനയാണ് നടത്താറുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) നിലവിൽ പി.എസ്.സി.-യിലുണ്ടായിരുന്ന ഒഴിവുകൾ നികത്തിയപ്പോൾ ഇക്കാര്യത്തിൽ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം I-ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.*

(ഡി) വേണ്ടത്ര മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.

പി.എസ്.സി. നിയമനത്തട്ടിപ്പ്

62 (72) ശ്രീ. എം. കെ. പ്രേംനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

In the presence of :

Sri S. Sharma	(Sd)
Mr. Abdul Latif Al Mulla	,,
Mr. Adnan Chilwan	,,
Dr. P. Prabhakaran	,,
Mr. Yusuff Ali M.A.	,,
Smt. Sheela Thomas	,,
Sri K. Suresh Kumar	,,
Sri K. Sasidharan Nair	,,
Sri V. K. Sasidharan	,,

Thiruvananthapuram,
2-2-2011.

(Sd)
Section Officer.

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 61(71)-ന്റെ ഉത്തരങ്ങൾ കാണുക]

അനുബന്ധം I

അഡ്മിഷൻ ടിക്കറ്റിലൊട്ടിക്കുന്ന ഫോട്ടോ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഷ്ക്കരിക്കുകയും പി.എസ്.സി.-യിലെ ഉദ്യോഗസ്ഥരെ കഴിയുന്നത്ര പരീക്ഷാകേന്ദ്രങ്ങളിൽ അഡീഷണൽ ചീഫ് സൂപ്രണ്ടുമാരായി നിയമിച്ച് പരീക്ഷാ നടത്തിപ്പിൽ നേരിട്ടുള്ള മേൽനോട്ടം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഫോട്ടോ പതിച്ച് ഒപ്പിട്ട തിരിച്ചറിയൽ പത്രികയും അതിന്റെ പകർപ്പും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളെ മാത്രമേ പരീക്ഷ, ഇന്റർവ്യൂ, പ്രായോഗിക പരീക്ഷാ, കായികക്ഷമതാ പരീക്ഷ, അസ്സൽ പ്രമാണ പരിശോധന എന്നിവയ്ക്ക് പ്രവേശിപ്പിക്കുകയുള്ളൂ. Electronic gadgets പരീക്ഷ നടക്കുന്ന ക്യാംപസ്സുകളിൽ കർശനമായി നിരോധിച്ചു. നിയമനാധികാരികൾക്ക് നിയമന ശിപാർശ ലിസ്റ്റ് നൽകുമ്പോൾ പി.എസ്.സി.-യുടെ ലോഗോ പതിച്ചിരിക്കും ടി ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്നവിവരം അക്കത്തിലും അക്ഷരത്തിലും ചുവപ്പ് മഷികൊണ്ട് രേഖപ്പെടുത്തുന്നതാണ്. ടി. ലിസ്റ്റിന്റെ ആമുഖപേജിൽ പരമാവധി 2 ഉദ്യോഗാർത്ഥികളുടെയും തുടർന്നുള്ള പേജുകളിൽ പരമാവധി 6 ഉദ്യോഗാർത്ഥികളുടേയും പേര്, അഡ്രസ്സ് തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കും. സെക്യൂരിറ്റി മെഷേഴ്സ് കൂടി ഉൾക്കൊള്ളിച്ച് പ്രീ-പ്രിന്റഡ് അഡ്രസ് ലൈറ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 31-12-2010 മുതൽ പുറപ്പെടുവിക്കുന്ന എല്ലാ വിജ്ഞാപനങ്ങൾക്കും അപേക്ഷ സമർപ്പിക്കുമ്പോൾ ഉദ്യോഗാർത്ഥികൾ ഫോട്ടോ കൂടി അപ്ലോഡ് ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തി. റാങ്ക്

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കാണ് പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് നൽകുന്നത്. ടി അഡ്വൈസ് വിവരം നിയമനാധികാരിക്ക് നൽകുമ്പോൾ ഉദ്യോഗാർത്ഥികളുടെ I.C. കൂടി Registered with A/D ആയി അയച്ചുകൊടുക്കുന്നുണ്ട്. നിയമന ശിപാർശ ചെയ്ത ശേഷം I.C.-യിലെ ഫോട്ടോ മാറ്റി ഒട്ടിച്ച് വ്യാജനിയമനം നേടുന്നത് തടയാനായി 1-3-2011 മുതൽ നിയമന ശിപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ I.C.-യുടെ Scanned Copy മാത്രമേ നിയമനാധികാരിക്ക് നൽകുകയുള്ളൂ എന്നും തീരുമാനിച്ചിട്ടുണ്ട്. ഒറിജിനൽ I.C. തുടർന്നുള്ള Verification Certificate നൽകുന്നതിനായി കമ്മീഷന്റെ ആഫീസിൽ സൂക്ഷിക്കും. നിയമനാധികാരി ജോയിനിംഗ് റിപ്പോർട്ട് അയക്കുന്നതോടൊപ്പം NJD ആണെങ്കിൽ ടി I.C. തിരികെ അയച്ചുതരുന്നുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാനിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്ര വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥഭരണ പരിഷ്ക്കാരവകുപ്പിൻകീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമേ പി.എസ്.സി.-യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനുശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അനുബന്ധം IV A

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 61 (71)-ന്റെ ഉത്തരങ്ങൾ കാണുക]

അനുബന്ധം II

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളായി നിയമിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസ യോഗ്യത, സർക്കാർ, സർക്കാരിതര സേവനങ്ങൾ/പ്രവർത്തന മേഖലകൾ എന്നിവ ഉൾക്കൊള്ളുന്ന ബയോഡേറ്റാകൾ സർക്കാർ വിശദമായി പരിശോധിക്കുകയും മന്ത്രിസഭാ യോഗതീരുമാനപ്രകാരം യോഗ്യരായ വ്യക്തികളെ കെ.പി.എസ്.സി. മെമ്പർമാരായി നിയമിക്കുന്നതിനായി ബഹുമാനപ്പെട്ട ഗവർണർക്ക് ശിപാർശ ചെയ്യുന്നു. ഭരണഘടനയുടെ 316(1) അനുഛേദം പ്രകാരം ബഹുമാനപ്പെട്ട ഗവർണറാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly